## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1140 31.10.2019 -ൽ മറുപടിക്ക്**

**റോഡ് നിർമ്മാണത്തിലെ അപാകതകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**<br>**ശ്രീ.റോജി.എം.ജോൺ** | : **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റോഡുകൾ വ്യാപകമായി പൊട്ടിപ്പൊളിയുന്നതിനുള്ള കാരണം നിർമ്മാണ സമയത്തെ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | പരിശോധന പൂർത്തിയാക്കിയ റോഡുകളിൽ ചിലത് പൊട്ടിപ്പൊളിഞ്ഞത് നിർമ്മാണ സമയത്തെ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളും ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങളും റോഡ് പണിയിലും അറ്റകുറ്റപ്പണിയിലും പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ചില റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും MORTH Specification - ഉം ഇൻഡ്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലാ എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനാണ് വിജിലൻസ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്; | (സി) & (ഡി) | വിജിലൻസ് ക്രമക്കേടുകൾ കണ്ടെത്തിയ ഏതാനും റോഡുകളുടെ പട്ടികയും ആയതിൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വിജിലൻസിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ? | | |

RKL

**സെക്ഷൻ ഓഫീസർ**

# വി.എ.സി.ബി. ക്രമക്കേടുകൾ കണ്ടെത്തിയ റോഡുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ക്രമക്കേട് കണ്ടെത്തിയ റോഡുകൾ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | തൃശ്ശൂർ ജില്ലയിലെ ആൽത്തറ - പനത്തറ, ഏടക്കഴിയൂർ വെളിയങ്കോട് റോഡ് | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. |
| 2. | ആലപ്പുഴ ജില്ലയിൽ എൻ.എച്ച്. -66 (Old NH-47) | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. |
| 3. | പാലക്കാട് - കുഴൽമന്ദം ബസാർ റോഡ് | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. |
| 4. | കണ്ണൂർ ജില്ലയിലെ വള്ളിക്കോട്- കരിക്കോട്ടക്കരി റോഡ് | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. |
| 5. | ഇടുക്കി ജില്ലയിലെ തൊട്ടുപുഴ - പുളിയൻമല റോഡ് | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് (വി.സി.02/2019/ഐ.ഡി.കെ.) രജിസ്റ്റർ ചെയ്ത് നടപടികൾ തുടർന്നുവരുന്നു. |
| 6. | എറണാകുളം ജില്ലയിലെ കളമശ്ശേരി മണ്ഡലത്തിലെ റോഡ് നിർമ്മാണം | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് (വി.സി.01/2018/ഇ.കെ.എം.) രജിസ്റ്റർ ചെയ്ത് നടപടികൾ തുടർന്നുവരുന്നു. |
| 7. | എറണാകുളം ജില്ലയിലെ ഇടപ്പള്ളി- മേത്താനം റോഡ് | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. |
| 8. | എറണാകുളം ജില്ലയിലെ അമ്പലത്തറ - കാനായി റോഡ് | ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ